**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾക്ക് മികച്ച ആവാസ വ്യവസ്ഥ ഒരുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിബിഡ വനമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്വാഭാവിക ആവാസ വ്യവസ്ഥയിലെ അതിവേഗ വ്യതിയാനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പലകാരണങ്ങൾ കൊണ്ട് ക്ഷയിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950-കൾ മുതൽ 1980-കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിളത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും, 90,000-ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ് കേരളത്തിലെ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജല സുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യകതയാണ്.<br>ഇതുകൂടാതെ നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റവും സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചതിനാൽ ജനവാസമേഖലകളേയും, കൃഷിയിടങ്ങളേയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.<br>അധിനിവേശസസ്യജാലങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ കോട്ടം വരുത്തിയിട്ടുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന ഇത്തരം |

| | | | |
|---|---|---|---|
| | | | അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്. |
| (ബി) | ജനവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ കൂടുതലായി എത്തുന്നതിന് അപ്രകാരമുള്ള വ്യതിയാനം കാരണമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പലകാരണങ്ങൾ കൊണ്ട് ക്ഷയിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950-കൾ മുതൽ 1980-കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിളത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും, 90,000-ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ് കേരളത്തിലെ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജല സുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യകതയാണ്.<br>ഇതുകൂടാതെ നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റവും സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചതിനാൽ ജനവാസമേഖലകളേയും, കൃഷിയിടങ്ങളേയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.<br>അധിനിവേശസസ്യജാലങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ കോട്ടം വരുത്തിയിട്ടുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന ഇത്തരം അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്. |
| (സി) | വനാന്തരങ്ങളിലെ ഫലവൃക്ഷങ്ങളുടെയും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ മറ്റ് സസ്യങ്ങളുടെയും കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് വനത്തിനകത്ത് മുളയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക |

| | | | |
|---|---|---|---|
| | | | വനങ്ങളുടെ പുന:സ്ഥാപനം ചെയ്യുന്നതിനായി NABARD, RKDP പദ്ധതികളിൽ ഉൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | വനാന്തർഭാഗത്തുള്ള വന്യമൃഗങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അരുവികളുടെയും ജലസ്രോതസ്സുകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | വനത്തിനുള്ളിൽ ജലലഭ്യതയുറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തി വരുന്നു. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്.<br><br>വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ഗള്ളി പ്ളഗ്ഗിംഗ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ